അസിസ്റ്റന്റ് എൻജിനീയറുടെകാര്യാലയം (LID &EW)

എൽഎസ്ജിഡി സെക്ഷൻ പിറവന്തൂർ ഗ്രാമ പഞ്ചായത്ത്

Email:aepiravanthoor@gmail.com Phone: 04752222239

കൊാട്ടേഷൻ പരസ്യം

നം. Q1/AE/LSGD/PVR/26 തീയതി : 08.08.26

പിറവന്തൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനിയറുടെ കാര്യാലയത്തിലേക്ക് ഔദ്യോഗികാവശ്യത്തിന് സഞ്ചരിക്കുന്നതിനായി എസി കാർ/ജീപ്പ് പ്രതിമാസ വാടകയ്ക്ക് നൽകുന്നതിന് താൽപര്യമുള്ള വാഹന ഉടമകളിൽ നിന്ന് മൽസര സ്വഭാവമുള്ള കൊാട്ടേഷനുകൾ ക്ഷണിച്ച് കൊള്ളുന്നു.

വാടക കാലാവധി : കരാർ തീയതി മുതൽ 10 മാസം

കൊാട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി : 15.10.26 1 പി.എം വരെ

കൊാട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്ന തീയതി : 15.10.26 3 പി.എം

കൊാട്ടേഷനുകൾ അയയ്ക്കേണ്ട വിലാസം: അസിസ്റ്റന്റ് എൻജിനിയർ, എൽഎസ്ജിഡി പിറവന്തൂർ ഗ്രാമപഞ്ചായത്ത്, വെട്ടിത്തിട്ട പിഒ, പിൻ- 689696

നിബന്ധനകൾ

കൊാട്ടേഷനുകൾ ഇതോടൊപ്പമുള്ള ഫോറത്തിലാണ് സമർപ്പിക്കേണ്ടത് കൊാട്ടേഷൻ ഫോറം പ്രവർത്തി സമയം ഈ ഓഫീസിൽ നിന്നോ www.tender.lsgkerala.gov.in എന്ന വെബ് സൈറ്റിൽ നിന്നോ ലഭ്യമാകുന്നതാണ്.

1. ഒരു മാസം 2000 കി.മീ സഞ്ചരിക്കുന്നതിനുള്ള പ്രതിമാസ നിരക്കാണ് കൊാട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.

2. ഇന്ധനചിലവ്, വാഹനത്തിന്റെ അറ്റകുറ്റപണികൾ, ഡ്രൈവറുടെ ശമ്പളം, ബാറ്റ, വാഹനത്തിന്റെ ടാക്സ് തുടങ്ങിയ എല്ലാ ചിലവുകളും കരാറുകാരന് വഹിക്കേണ്ടതാണ്. ആയതുൾപ്പെടെയുള്ള തുകയാണ് രേഖപ്പെടുത്തേണ്ടത്

3. വാഹനം 2017 ന് ശേഷം ഉള്ള മോഡൽ ആയിരിക്കണം. വാഹനം എന്തെങ്കിലും അടിയന്തിര സാഹചര്യം മൂലം നൽകാൻ കഴിയാതെ വന്നാൽ പകരം സംവിധാനം കരാറുകാരൻ തന്നെ ഏർപ്പാടാക്കേണ്ടതാണ്..

4. വാഹനത്തിന്റെ ആർസി ബുക്ക്, പെർമിറ്റ്, ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്, ടാക്സ് ഇൻഷുറൻസ് ഉൾപ്പെടെ എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതും ആയതിന്റെ പകർപ്പ് (ഡ്രൈവിംഗ് ലൈസൻസ്ഉൾപ്പെടെ) കൊാട്ടേഷനൊപ്പം സമർപ്പിക്കേണ്ടതുമാണ്

5. പൂരിപ്പിച്ച കൊാട്ടേഷൻ തപാലിലാണ് സമർപ്പിക്കേണ്ടത് നേരിട്ട് സ്വീകരിക്കുന്നതല്ല.

6. കരാറുകാരന് ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള PAN CARD ഉണ്ടായിരിക്കേണ്ടതാണ്.

7. കരാർ സമയത്ത് അംഗീകരിക്കുന്ന നിരക്കിൽ കരാർ കാലയളവിലുണ്ടായേക്കാവുന്ന ഇന്ധനവില വർദ്ധനവ് പരിഗണിക്കുന്നതല്ല

8. അവധി ദിവസങ്ങൾ ഉൾപ്പെടെ ഏതു ദിവസവും ആഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്

9. ഓഫീസിൽ നിന്ന് പുറപ്പെട്ട് ഓഫീസിൽ തിരിച്ചെത്തുന്ന ദൂരമായിരിക്കും കിലോമീറ്റർ കണക്കാക്കുന്നതിന് പരിഗണിക്കുക

10. ലോഗ് ബുക്ക് ഓഫീസറുടെ നിയന്ത്രണത്തിൽ സൂക്ഷിക്കുന്നതും യാത്ര സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി ആഫീസ് മേധാവിയെ കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

11. ആഫീസ് മേധാവിയുടെ നിർദ്ദേശം പാലിക്കാതെ വന്നാൽ 7 ദിവസം മുൻപ് നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ആഫീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും

12. കൊാട്ടേഷനുകൾ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം പഞ്ചായത്ത് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും

അസിസ്റ്റന്റ് എൻജിനിയർ

പിറവന്തൂർ ഗ്രാമ പഞ്ചായത്ത്

വെട്ടിത്തിട്ട പി. ഒ. - 689696

കൊട്ടേഷൻ ഫോറം

	വാഹന ഉടമയുടെ പേരും വിലാസവും മൊബൈൽ നമ്പർ	
	വാഹനത്തിന്റെ തരം	
	വർഷം (മോഡൽ)	
	രജിസ്ട്രേഷൻ നമ്പർ	
	2000 കി.മി. വരെ പ്രതിമാസം സഞ്ചരിക്കുന്നതിനുള്ള വാടക	
	കൊട്ടേഷനോടൊപ്പം നൽകുന്ന രേഖകൾ	
	ഒപ്പ്	

സ്ഥലം

തീയതി